# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ കെ എം/ബി.പി/1935

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/ഇ കെ എം/ബി.പി/1935 തീയ്യതി: 03/12/2022

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 30-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി, | ജോയിന്റ് ഡയറക്ടർ | 25-10-2022 | 29-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 29-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
റഷീദ് സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബബിത ബി കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
സ്വപ്ന വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രൊ. ജോസ് അഗസ്റ്റിൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ജയൻ വി ജി | സെക്രട്ടറി | 01-04-2021 | 09-05-2021 |
| രതി എം ജി | സെക്രട്ടറി | 10-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹസ്ന പി എ | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| പ്രിയ പോൾ | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 20-01-2022 |
| രേഷ്മ ജി | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 21-01-2022 | 31-03-2022 |
| സൌമ്യ എം ജോസഫ് | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2021 | 09-10-2021 |
| സിസിലി കുരുവിള | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 10-10-2021 | 31-03-2022 |
| ഷൈനിമോൾ കെ ബി | എസ് സി ഡെവലപ്മെന്റ് ഓഫീസർ | 01-04-2021 | 14-02-2022 |
| റസീന റ്റി എ | എസ് സി ഡെവലപ്മെന്റ് ഓഫീസർ | 15-02-2022 | 31-03-2022 |
| ടാനി തോമസ് | കൃഷി അസിസ്റ്റന്റ് യറക്കൂർ | 01-04-2021 | 31-03-2022 |
| സുപ്രിയാദേവി എസ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡയറി ഓഫീസ്, തൃപ്പൂണിത്തുറ | 01-04-2021 | 31-03-2022 |
| ശ്രീകല എം. ചന്ദ്രൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 04-10-2021 |
| ബാലകൃഷ്ണൻ എൻ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 05-10-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഇ ടെൻഡർ ഫീ -ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. | 1-11 |
| 13 | വാടക -അപാകതകൾ | 1-12 |
| 14 | സുഭിക്ഷകേരളം -വേനൽക്കാല പച്ചക്കറി കൃഷി വികസനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-13 |
| 15 | കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി തൈ വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-14 |
| 16 | ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-15 |
| 17 | IKM ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ – വിനിയോഗവിവരം ലഭ്യമല്ല | 1-15-1 |
| 18 | KILA യ്ക്ക് നല്കിയ തുകയുടെ വിനിയോഗരേഖകൾ ഇല്ല | 1-15-2 |
| 19 | ഗ്രാമപഞ്ചായത്തിന് വിഹിതം നല്കിയത്- വിനിയോഗവിവരമില്ല | 1-15-3 |
| 20 | KSEB ക്ക് തുക കൈമാറിയത് -വിനിയോഗരേഖകൾ ഇല്ല | 1-15-4 |
| 21 | KWA ക്ക് തുക കൈമാറിയത് -വിനിയോഗരേഖകൾ ഇല്ല | 1-15-5 |
| 22 | ബില്ലിലെ അപാകത – ജി എസ് റ്റി ഇനത്തിൽ അധിക തുക അനുവദിച്ചു - 5610 രൂപ നഷ്ടം | 1-16 |
| 23 | ഡി പി ആർ തയ്യാറാക്കൽ - അപാകതകൾ പരിഹരിക്കണം | 1-17 |
| 24 | സംയുക്ത പ്രോജക്ടിനായി ലഭിച്ച തുക ഗ്രാമപഞ്ചായത്തുകളിൽ ചെലവാകാതെ അവശേഷിക്കുന്നു | 1-18 |
| 25 | സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം നൽകിയ തുക സാക്ഷരതാമിഷനിൽ നിന്നും തിരിച്ചീടാക്കിയിട്ടില്ല | 1-19 |

| | | |
|---|---|---|
| 26 | കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായിട്ടില്ല | 1-20 |
| 27 | ആസ്തി സംരക്ഷണം-വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബില്ലിലെ അപാകത – ജി എസ് റ്റി ഇനത്തിൽ അധിക തുക അനുവദിച്ചു - 5610 രൂപ നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 24.03.2021ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 0 | 15639929 | (-)15639929 |
| വരവ് | 424691960 | 58698698 | (-)365993271 |
| ആകെ | 424691960 | 74338627 | (-)350353333 |
| ചെലവ് | 423694676 | 59365211 | (-)364329465 |
| നീക്കിയിരിപ്പ് | 997284 | 14973416 | (-)13976132 |

ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും ഖണ്ഡിക 1-3 ൽ ചേർത്തിട്ടുള്ള ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ 36 കോടിയിലധികം രൂപയുടെ അന്തരം കാണുന്നു. ഇതിന് വിശദീകരണം നൽകേണ്ടതാണ്. ധനകാര്യപത്രികയിൽ ബജറ്റിൽ ഉൾപെടുത്തിയിട്ടുള്ള എല്ലാ വരവ് ചെലവുകളും ഉൾപെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥവുമാകാൻ ശ്രദ്ധിക്കേണ്ടതുമാണ്. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ടുള്ള എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റ് വേളയിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. തനതു വരുമാനം വളരെ കുറവായ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം വലിയ തുകകൾ കണക്കിലെടുത്ത് വരവ് ചെലവുകൾ കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.7.2022 | 06.07.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

മുവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.02.2021ലെ സ.ഉ.(സാധാ) നം. 626/2021 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സാക്ഷരതാ മിഷനിൽ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ സാക്ഷരതാ പ്രേരക്മാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും ഹോണറേറിയം മുൻകൂറായി നൽകാനും, സാക്ഷരതാമിഷനിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന സാഹചര്യത്തിൽ ടി തുക തനതുഫണ്ടിലേക്ക് തിരികെ ഈടാക്കാനും നിർദേശിച്ചിരുന്നു. മുവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് സാക്ഷരതാ പ്രേരക്മാർക്ക് 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 74522/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, ടി തുക മുൻകൂർ എന്നതിന് പകരം ചെലവായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) Capital Work In Progress (412010101) എന്ന ഹെഡ്ഡിൽ നിന്നും 150000/- രൂപ തൻവർഷം Electricity Line Extension (410600102) എന്ന ആസ്തിയിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വിനിയോഗ സാക്ഷ്യപത്രവും, പൂർത്തീകരണ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല.

3) 2021-22 ഇ ടെൻഡർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക Other Recievables എന്ന ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

4) അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ വെള്ളൂർക്കുന്നം ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നം. 67248786708) 31.03.2022ന് 36687/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ, ടി അക്കൗണ്ട് വാർഷിക ധനകാര്യപത്രികയുടെ RP 40(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ വാല്യുവേഷൻ നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

6) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62(2)ഇ,എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ്

വെളിപ്പെടുത്തലുകൾ ഉടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ(key Ratios) ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

7) നിക്ഷേപ പ്രവൃത്തികൾക്ക് വിവിധ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് 42,24,000/-രൂപ, കെ.എസ്.ഇ.ബി.യ്ക്ക് 13,17,743/-രൂപ, KILA യ്ക്ക് 3,00,000/-രൂപ എന്നിങ്ങനെയാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ഇവയിൽ നിന്നും വ്യത്യസ്തമായ തുകകളാണ് AFS ൽ (അഡ്വാൻസ് ആയി) കാണിച്ചിട്ടുള്ളത്. ബാലൻസ് ഷീറ്റിൽ ക്രമീകരിക്കാത്ത മുൻകൂറായി കാണിച്ചിരിക്കുന്ന തുകകളും കൃത്യമല്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15639929 |
| വരവ് | 58698698 |
| ആകെ | 74338627 |
| ചെലവ് | 59365211 |
| നീക്കിയിരിപ്പ് | 14973416 |
| വരവ് നഷ്ടം | 0 |
| ചെലവ് നഷ്ടം | 5610 |
| തടസ്സപ്പെടുത്തിയ തുക | 56,49,638 /- |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20744132 | 20744132 | 20408000 | 336132 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8023534 | 8023534 | 7895000 | 128534 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3355000 | 3355000 | 294000 | 3061000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 8424498 | 8424498 | 7007643 | 587062 | 829793 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 4448097 | 448097 | 4294009 | 0 | 154088 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 0 | 0 | 0 | 0 | |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 0 | 7447365 | 7447365 | 5272685 | 2174680 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് (എണ്ണം) | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 126 | 65094703 | 113 | 4865881 | 82 | 31 | 13 | 65.07% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. പദ്ധതി ഫയലുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വാടകയുടെ ഡിമാൻഡ് കളക്ഷൻ ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സംയുക്ത പ്രൊജക്ടുകളുടെ ചെലവ് തുകകൾ രേഖപ്പെടുത്തുന്നതിലെ അപാകങ്ങൾ കാരണം ചെലവ് തുകകളുടെ കൃത്യത വാർഷിക ധനകാര്യപത്രികയിൽ പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.
4. പല ദിവസങ്ങളിലെയും മിനട്സുകൾ സകർമ്മയിൽ രേഖപ്പെടുത്തിയിരിക്കുന്നത് അപൂർണ്ണമായാണ്. ഉദാഹരണം-3.1.2022,14.1.2022തിയ്യതികളിലെ രേഖപ്പെടുത്തലുകൾ.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.09..2021 മുതൽ 12.10.2021 വരെ | 2020-21 | 15.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.12.2014 മുതൽ 20.12.2014 വരെ | 2009-10 മുതൽ 2013-14 വരെ | 18.04.2015 |

## 1-11 ഇ ടെൻഡർ ഫീ -ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

സർക്കുലർ നം.DB1/7942/2010/CE/LSGD Dt.27.11.2019പ്രകാരം ഇ ടെൻഡർ ഫീ ക്രെഡിറ്റ് ചെയ്യുന്നതിനായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (അക്കൗണ്ട് നം.38630947918-എസ്.ബി.ഐ മൂവാറ്റുപുഴ)ഇതിൽ 12.3.2021വരെ ക്രഡിറ്റ് ചെയ്തിരിക്കുന്ന തുകയായി 216268രൂപയുടെ നീക്കിയിരിപ്പുണ്ട്. ഈ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. കൂടാതെ 12.3.2021ന് ശേഷം ഈ ഇനത്തിൽ ലഭ്യമായ തുക എത്രയെന്ന് വ്യക്തവുമല്ല

ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/28.10.2022ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇ ടെൻഡർ ഫീ പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വാടക -അപാകതകൾ

എ) ബ്ലോക്ക് പഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും വാടക, വാടക കുടിശ്ശിക എന്നിവ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ പേര് /കെട്ടിട നം. ലഭ്യമായിട്ടില്ല | പ്രതിമാസ വാടക | ഈടാക്കാത്ത കാലയളവ് |
|---|---|---|---|
| 1 | പുനർജനി ക്യാന്റീൻ & കാറ്ററിംഗ് യൂണിറ്റ് | 1650 | 5/21മുതൽ 3/22 വരെ |
| 2 | ജാൻസി റാണി ഗാർമെന്റ് മേക്കിംഗ് യൂണിറ്റ് | 2000 | ഈടാക്കാത്ത കാലയളവ് രജിസിറ്ററിൽ |

| | | | |
|---|---|---|---|
| | | | നിന്നും ലഭ്യമായിട്ടില്ല |
| 3 | പ്രഭ &ചൈത്രം കുടുംബശ്രീ യൂണിറ്റ് | 2000 | 2/22മുതൽ 3/22വരെ |
| 4 | അക്ഷര എസ്.എച്ച് ഗ്രൂപ്പ് | 1200 | 2/20മുതൽ 3/22വരെ |
| 5 | ന്യൂ ഭാരത് എസ്.എച്ച്.ജി,ആയവന | 1200 | 9/20മുതൽ 3/22വരെ |
| 6 | എസ്.സി .എസ്.ടി കോഓപ്പറേറ്റീവ് സോസൈറ്റി , മഞ്ഞള്ളൂർ | 1500 | 11/20മുതൽ 3/22വരെ |
| 7 | വനിതസഹകരണ സംഘം , ആയവന | 600 | 5/21മുതൽ 3/22വരെ |
| 8 | നിയ ആർക്കിടെക് ഗ്രൂപ്പ്, കല്ലൂർക്കാട് | 600 | 8/20മുതൽ 3/22വരെ |
| 9 | സെന്റ് ജോർജ് ടൈലറിംഗ് യൂണിറ്റ് | 600 | 11/21മുതൽ 3/22വരെ |
| 10 | പൈൻശ്രീ കുടുംബശ്രീ മാറാടി | 600 | 2/22മുതൽ 3/22വരെ |
| 11 | ശ്രേയസ് എന്റർ പ്രൈസസ്, ആയവന | 600 | 7/21മുതൽ 3/22വരെ |
| 12 | കൈരളി വെജിറ്റബിൾ പ്രോഡക്ഷൻ യൂണിറ്റ് | 500 | 4/21മുതൽ 12/21വരെ |
| 13 | കഫേ കുടുംബശ്രീ | 700 | 12/21 മുതൽ 3/22 വരെ |

മേൽ കെട്ടിടങ്ങളിൽ നിന്നും തൻ വർഷ വാടക,വാടകകുടിശ്ശിക എന്നിവ ഈടാക്കിയിട്ടില്ല.

ബി) വാടക രജിസ്റ്ററുമായി ബന്ധപ്പെട്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാടക രജിസ്റ്ററിൽ കെട്ടിട നമ്പർ എഴുതി സൂക്ഷിച്ചിട്ടില്ല.

2)വാടക രജിസ്റ്ററിൽ തൻവർഷ വാടക, വാടക കുടിശ്ശിക വിവരങ്ങൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുകളിൽ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ വാടക, കുടിശ്ശിക വിവരങ്ങൾ, മേൽ കെട്ടിടങ്ങൾ കൂടാതെ വാടകകുടിശ്ശികയുള്ള കെട്ടിടങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്നിവ വ്യക്തമായിപരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3)രജിസ്റ്ററിൽ ഡി.സി.ബി എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അക്കൌണ്ട്സ് പ്രകാരം തൻ വർഷ വാടകയിനത്തിൽ 116165/- രൂപയും വാടക കുടിശ്ശികയിനത്തിൽ 269436/- രൂപയും ഈടാക്കുവാനായി അവശേഷിക്കുന്നുണ്ട്. ആയത് ഈടാക്കുവാനായി നടപടികൾ സ്വീകരിക്കേണ്ടതാണ്. അക്കൌണ്ട്സ് പ്രകാരമുള്ള ഡി.സി.ബി തുകകളുടെ കൃത്യത രജിസ്റ്ററുമായി ഒത്തുനോക്കി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

4) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 256 ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും പ്രകാരം ആക്ടിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/29.10.2022) മറുപടി ലഭ്യമായിട്ടില്ല. ക്രമ നം.എ,ബി(1,2,3,4) എന്നിവയിലെ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-13 സുഭിക്ഷകേരളം -വേനൽക്കാല പച്ചക്കറി കൃഷി വികസനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)

നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് /നം. | സുഭിക്ഷകേരളം -വേനൽക്കാല പച്ചക്കറി കൃഷി വികസനം/184/21-22 |
| അടങ്കൽ തുക | 80960/-(വികസന ഫണ്ട്,പൊതുവിഭാഗം, സാധാരണ വിഹിതം) |
| ചെലവുതുക/ ബിൽ നം/ തീയതി | 80,960/- 4/21-22/14.3.22 |

മേൽ പദ്ധതി പ്രകാരം നിർവഹണോദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 8 ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിലേക്ക് നൽകുന്നതിനായി 80960/- രൂപയുടെ 32384 (@രൂ 2.5) ഹൈബ്രിഡ് പച്ചക്കറി തൈകൾ (ഓരോ ഗ്രാമപഞ്ചായത്തിനും 4048 തൈകൾ വീതം) സോസൈറ്റി ഓഫ് ഹൈടെക് അഗ്രോസർവീസ് സെന്റർ, മൂവാറ്റുപുഴ നിന്നും 11.3.22 ൽ വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1)ഏതിനം ഹൈബ്രിഡ് പച്ചക്കറി തൈകളാണ് വാങ്ങിയതെന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല .

2) പദ്ധതിയുടെ ഭാഗമായി 8 ഗ്രാമ പഞ്ചായത്തുകളിലേക്ക് (4048 വീതം) തൈകൾ വിതരണം ചെയ്തതിൽ പായിപ്ര ഗ്രാമപഞ്ചായത്തിൽ 4048 തൈകൾ കൈപ്പറ്റിയതായി സി.ഡി.എസ് ചെയർ പേഴ്സൺ 27.4.22 ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടുംബശ്രീ യൂണിറ്റുകളും ഗുണഭോക്താക്കളും തൈകൾ കൈപ്പറ്റിയതായ രേഖകൾ ഫയലിൽ ലഭ്യമായിട്ടില്ല.

3)വാളകം ഗ്രാമപഞ്ചായത്തിൽ കൃഷിഭവനിൽ നിന്നും 27.4.22 ൽ ലഭ്യമായ 4048 തൈകൾ 44 കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ തൈകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതായി രേഖകൾ ഫയലിൽ ഇല്ല.

4)ആവോലി ഗ്രാമപഞ്ചായത്തിൽ 14 കുടുംബശ്രീ യൂണിറ്റുകളും 44 ഗുണഭോക്താക്കളും തൈകൾ കൈപ്പറ്റിയതായി സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിൽ 33 ഗുണഭോക്താക്കൾക്ക് 100 തൈകൾ വീതവും 11 ഗുണഭോക്താക്കൾ 68 തൈകൾ വീതവും നൽകിയിട്ടുണ്ട്. ആയതിന്റെ ആവശ്യകതാ നിർണ്ണയം നടത്തിയതിനുശേഷമാണോ ഇത്രയും തൈകൾ ഓരോരുത്തർക്കും വിതരണം നടത്തിയതെന്ന് വ്യക്തമല്ല.

5)മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ 4045 തൈകൾ ഗുണഭോക്താക്കൾക്ക് നൽകിയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6) ആരക്കുഴ ഗ്രാമപഞ്ചായത്തിൽ 4048 തൈകൾ കുടുംബശ്രീ യൂണിറ്റുകൾ കൈപ്പറ്റിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7) മാറാടി ഗ്രാമപഞ്ചായത്തിലേക്ക് നൽകിയ 4048 തൈകൾ വിതരണം ചെയ്തതായി യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/28.10.2022) ലഭ്യമായ മറുപടിയിൽ ക്രമ നം.2 ,3 ,5, 6 -വിതരണ ലിസ്റ്റ് കൃഷിഭവനിൽ വിതരണരജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചു.ആയവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

ക്രമ നം. 4 ൽ ചൂണ്ടിക്കാണിച്ച അപാകത്തിന് മറുപടിയായി ഒരു സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 32 തൈകൾ ആവശ്യമാണെന്നും 68 തൈകൾ 2 സെന്റിലേക്കേ മതിയാകൂ എന്നും അറിയിച്ചു.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് (ഷെഡ്യൂൾ 4 .3)- ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുവായ ചുമതലകൾ പ്രകാരം ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ്, ഫോർവേഡ് ലിങ്കേജ് നൽകുകയും ചെയ്യുകയും ചെയ്യുക എന്നതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ പരിഗണിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട രേഖകൾ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതും പദ്ധതിയുടെ ഗുണം അവസാന ഗുണഭോക്താവിനും ലഭിക്കുന്നുണ്ടെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്.

ക്രമ നം.7 പ്രകാരം തൈകൾ വിതരണം ചെയ്തതായി യാതൊരു രേഖകളും ലഭ്യമാക്കാത്ത മാറാടി ഗ്രാമപഞ്ചായത്തിനു വേണ്ടി 4048 തൈകൾ വിതരണം ചെയ്ത വകയിൽ ചെലവായ 10120/-(4048*2.5) രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കുന്നതു വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി തൈ വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് /നം | കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി തൈ വിതരണം/132/2021-22 |
| അടങ്കൽ തുക | 100000/-(വികസന ഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം) |
| ചെലവുതുക/ ബിൽ നം/ തീയതി | 100000/- 1/21-22/16.10.21 |

മേൽ പദ്ധതി പ്രകാരം നിർവഹണോദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 8 ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിലേക്ക് നൽകുന്നതിനായി 100000/- രൂപയുടെ (@2.5/-) 40000 പച്ചക്കറി തൈകൾ എം.കെ.എസ്.പി ഈസ്റ്റ് ഫെഡറേഷൻ പൊൻകതിർ ഷെയ്ഡ് ഹൗസ് മൂവാറ്റുപുഴ യിൽ നിന്നും 1.10.2021 ൽ വാങ്ങിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1)ഏതിനം പച്ചക്കറി തൈകളാണ് വാങ്ങിയതെന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല .

2)കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വി.എഫ്.പി.സി.കെ എന്നിവയിൽ നിന്നും വാങ്ങാതെ മേൽ സ്ഥാപനത്തിൽ നിന്നുമാണ് തൈകൾ വാങ്ങിയത്.

3)മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ 7328 തൈകൾ 9 കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വിതരണം ചെയ്തിട്ടുണ്ടെന്ന് സി.ഡി.എസ് ചെയർ പേഴ്സൺ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് .ഇവ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്ത രേഖകൾ ഹാജരാക്കിയിട്ടുണ്ട്. അവിടെനിന്ന് ഗുണഭോക്താക്കൾ തൈകൾ കൈപ്പറ്റിയതായി രേഖകൾ ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/28.10.2022) ലഭ്യമായ മറുപടിയിൽ ക്രമ നം.1 ൽ എല്ലാ ഇനങ്ങൾക്കും ഒരേ വിലയായതിനാൽ ഇനം രേഖപ്പെടുത്തുവാൻ വിട്ടുപോയതാണെന്ന് മറുപടി നൽകി.

ക്രമ നം. 2 ൽ കുടുംബശ്രീ വനിതകൾ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടത്തിവരുന്ന സ്ഥാപനമായതിനാലും സംസ്ഥാന സർക്കാർ നിശ്ചയിച്ച നിരക്കിൽ ആയതിനാലും തൈകളുടെ ഗുണനിലവാരം പരിശോധിച്ച് ബോധ്യപ്പെട്ടതിനാലും വാങ്ങി എന്ന് മറുപടി നൽകി.

മേൽ പദ്ധതി പ്രകാരം തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയത് ഓഡിറ്റ് എൻക്വയറി നൽകിയതിനുശേഷം മാത്രമാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട രേഖകൾ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതും പദ്ധതിയുടെ ഗുണം അവസാന ഗുണഭോക്താവിനും ലഭിക്കുന്നുണ്ടെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ) നം.22/2018 തസ്വഭവ തീയതി 14.2.2018 ഖണ്ഡിക നം. 6.1.4 പ്രകാരം മേൽ പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് (ഷെഡ്യൂൾ 4 .3)- ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുവായ ചുമതലകൾ പ്രകാരം ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ്, ഫോർവേഡ് ലിങ്കേജ് നൽകുകയും ചെയ്യുകയും ചെയ്യുക എന്നതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ പരിഗണിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

ക്രമ നം.3 പ്രകാരം മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയ 7328 തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-15 ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് തുക ചെലവഴിച്ചുവെങ്കിലും അവയുടെ ധനവിനിയോഗസാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-15-1 IKM ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ – വിനിയോഗവിവരം ലഭ്യമല്ല

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | 0001/22, IKM ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ | |
| അടങ്കൽ | 37,970 /- (വികസന ഫണ്ട്-ജനറൽ) | |
| ചെലവ് | 37,970 /- | 1)TRN 11108/23.10.21 – 28,470 /- |
| | | 2)TRN 15315/05.01.22 – 9500 /- |

ഈ പദ്ധതിക്ക് വേണ്ടി 37,970/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 2, 26.10.22).

1-15-2 KILA യ്ക്ക് നല്കിയ തുകയുടെ വിനിയോഗരേഖകൾ ഇല്ല

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 0177/22, വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നല്കൽ |
| അടങ്കൽ | 3,00,000 /- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 3,00,000 /- ബിൽ നം.295/14.03.22 |

KILA യുടെ റീജിയണൽ സെന്ററായ കൊട്ടാരക്കര CHRD സ്ഥിതി ചെയ്യുന്ന ഭൂമിയിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് വിഹിതമായി തുക നല്കുന്നതിന് അനുമതി നല്കി തദ്ദേശസ്വയംഭരണവകുപ്പ് 27.12.19 ന് പുറപ്പെടുവിച്ച സ.ഉ(സാധാ)നം.2956/2019/തസ്വഭവ ഉത്തരവ് പ്രകാരം KILA യ്ക്ക് 3,00,000/- രൂപ കൈമാറിയിട്ടുണ്ട്. ഇതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 6, 27.10.22).

1-15-3 ഗ്രാമപഞ്ചായത്തിന് വിഹിതം നല്കിയത്- വിനിയോഗവിവരമില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0102/22, കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്- ചാറ്റുപാറ മുതൽ പാലക്കുഴി വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ -സ്പിൽ ഓവർ |
| അടങ്കൽ | 2,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 2,00,000 /- TRN 20388/25.03.22 |

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ ചാറ്റുപാറ മുതൽ പാലക്കുഴി വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 2,00,000/- രൂപ കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ഇതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 1, 26.10.22).

1-15-4 KSEB ക്ക് തുക കൈമാറിയത് -വിനിയോഗരേഖകൾ ഇല്ല

1)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 0069/22 , വാളകം ഗ്രാമപഞ്ചായത്ത് 8,9,10,11 വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 5,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 4,99,210 /- വൗച്ചർ നം.XVFC/2021-22/P/9,05.01.22 |

2)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 0178/22 , കല്ലൂർക്കാട് ആവോലി KSEB ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 8,20,000 /- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 8,18,533 /- ബിൽ നം.315/19.03.22 |

ഈ രണ്ട് പ്രൊജക്ടുകൾക്ക് വേണ്ടി ആകെ 13,17,743 /- രൂപ കൈമാറിയിട്ടുണ്ട്. ഇതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 3, 26.10.22 & ഓഡിറ്റ് എൻക്വയറി നം. 6, 27.10.22).

1-15-5 KWA ക്ക് തുക കൈമാറിയത് -വിനിയോഗരേഖകൾ ഇല്ല

1)

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0074/22, ആരക്കുഴ ഡിവിഷൻ കുടിവെള്ളപൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 5,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 5,00,000 /- ,വൗച്ചർ നം.XVFC/2021-22/P/12 ,11.02.22 |

2)

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0100/22, പായിപ്ര ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (സ്പിൽ ഓവർ) |
| അടങ്കൽ | 1,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 1,00,000 /- ,TRN 15317/05.01.22 |

3)

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0124/22, വാളകം ഡിവിഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 5,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 5,00,000 /- ,XVFC/2021-22/P/7, 31.12.21 |

4)

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0141/22, മാറാടി ഡിവിഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 5,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 5,00,000 /- ,XVFC/2021-22/P/18, 05.03.22 |

5)

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0142/22, അഞ്ചൽപ്പെട്ടി ഡിവിഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 5,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 5,00,000 /- ,XVFC/2021-22/P/19, 05.03.22 |

6)

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | 0162/22, രണ്ട്പ്ലാക്കൽപാറ കുടിവെള്ള പദ്ധതി - മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | |
| അടങ്കൽ | 2,44,000 /- (ധനകാര്യകമ്മീഷൻ അവാർഡ്) + 2,00,000 (മറ്റ് ബ്ലോക്ക് പഞ്ചായത്ത്) ആകെ അടങ്കൽ 4,44,000 /- | |
| ചെലവ് | 4,44,000 /- | 1)TRN 20389/24.03.22 – 2,44,000 /- |
| | | 2)TRN 26271/24.03.22 – 2,00,000 /- |

7)

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0165/22, വിവിധ കുടിവെള്ള പദ്ധതികൾക്ക് അധിക വിഹിതം നല്കൽ |
| അടങ്കൽ | 1,84,799 /- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 1,80,000 /-, TRN 17527/11.02.22 |

8)

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0176/22, ചന്തപ്പാറ കുടിവെള്ള പദ്ധതി മാറാടി ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 5,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 5,00,000 /- ,TRN 19074/07.03.22 |

9)

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0179/22, കാനം കോളനി കുടിവെള്ള പദ്ധതി |

| | |
|---|---|
| അടങ്കൽ | 5,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 5,00,000 /- ,TRN 19763/17.03.22 |

(ഓഡിറ്റ് എൻക്വയറി നം. 4, 26.10.22)

ഈ പദ്ധതികൾക്ക് വേണ്ടി KWA ക്ക് ആകെ 37,24,000/- രൂപ കൈമാറിയിട്ടുണ്ട് .ഇതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വിനിയോഗസാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ 55,79,713/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ബില്ലിലെ അപാകത - ജി എസ് റ്റി ഇനത്തിൽ അധിക തുക അനുവദിച്ചു - 5610 രൂപ നഷ്ടം

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ നിർമ്മാണ പ്രൊജക്ടിന്റെ ബില്ലിൽ അപാകത ഉള്ളതായി കാണുന്നു. ജി എസ് റ്റി നിരക്ക് കണക്കാക്കിയതിലാണ് അപാകത സംഭവിച്ചിട്ടുള്ളത്. വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-17 ഡി പി ആർ തയ്യാറാക്കൽ - അപാകതകൾ പരിഹരിക്കണം

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പൈനാപ്പിൾ ശേഖരണ, വിതരണ കേന്ദ്രത്തിന്റെ ഡി പി ആർ തയ്യാറാക്കിയതിൽ ചില അപാകതകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | So101/22<br>So203/21<br>(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | NABARD RIDF - വാഴക്കുളം പൈനാപ്പിൾ നിർമ്മാണ കേന്ദ്രം - DPR തയ്യാറാക്കൽ |
| എസ്റ്റിമേറ്റ് തുക | 500000/- |
| ഫണ്ടിനം | തനത് ഫണ്ട് |
| അംഗീകാരം | 203/EE/LSGD/2020-21/4/3/2021, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ചെലവ് | 311150/- |
| ബിൽ നം | 52/17/09/2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പൈനാപ്പിൾ ശേഖരണ, വിതരണ കേന്ദ്രത്തിന് താഴെ പറയുന്ന ഫണ്ടുകളാണ് പ്രതീക്ഷിക്കുന്നത്.

1.നബാർഡ് ധനസഹായം.

2.എം പി /എം എൽ എ ഫണ്ട്.

3.തദ്ദേശ സ്വയംഭരണസ്ഥാപന വിഹിതം.

ആയതിൽ 95 % ഫണ്ടും നബാർഡ് ധനസഹായമായതിനാൽ അംഗീകാരം, തുക അനുവദിക്കൽ എന്നിവക്ക് ഡി പി ആർ ആവശ്യമായതിനാൽ ആയത് തയ്യാറാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് താഴെ പറയും പ്രകാരം നടപടികൾ സ്വീകരിച്ചു.

A) ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 25.09.2020 ലെ 5.7 നം കമ്മറ്റി തീരുമാന പ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചു.

B)ദർഘാസ് പരസ്യം ഡി/589/2020/25.02.2021 ന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ ഭാരത് എഞ്ചിനീയറിംഗ് ഇന്നവേഷൻ ഡിസൈൻ & കൺസൾട്ടൻസി, രവിപുരം എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 6.5.2021 ലെ 4.1 നം തീരുമാന പ്രകാരം അംഗീകരിച്ചു.

C)ബ്ലോക്ക് പഞ്ചായത്തിന്റെ 4.6.2021 ലെ 0589/20 നം സെലക്ഷൻ നോട്ടീസ് ഭാരത് എഞ്ചിനീയറിംഗ് ഇന്നവേഷൻ ഡിസൈൻ & കൺസൾട്ടൻസിക്ക് നൽകി.

മേൽ നടപടികളുടെ അടിസ്ഥാനത്തിൽ സ്ഥാപനം 68180000.00 രൂപ നിർമ്മാണപ്രവർത്തിയ്ക്കായി അടങ്കൽ വരുന്ന ഡി പി ആറും അനുബന്ധ രേഖകളും സമർപ്പിച്ചു. സ്ഥാപനം ഡി.പി.ആർ.തയ്യാറാക്കുന്നതിനായി ക്വോട്ട് ചെയ്ത തുകയായ 444500 രൂപയുടെ ആദ്യ രണ്ട് ഘട്ട തുകകളായ 311150 രൂപ അനുവദിക്കുകയും ചെയ്തു. സ്ഥാപനം സമർപ്പിച്ച ഡി പി ആറിലെ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7/28.10.2022)

നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1.ധനകാര്യ (നോഡൽ സെന്റർ - എ ) വകുപ്പിന്റെ 23.02.2018 ലെ സ ഉ (അച്ചടി) നം 26/2018/ധന ഉത്തരവിലെ ക്രമ നം 8 പ്രകാരം പ്രീ - ഓപ്പറേറ്റീവ് ചെലവുകൾ (പ്രൊജക്ട് കോസ്റ്റിന്റെ പരമാവധി 1 %) ഡി പി ആറിൽ ഉൾപ്പെടുത്തുന്ന പക്ഷം ആയത് നബാർഡ് - ആർ. ഐ.ഡി.എഫ്. ഫണ്ടിൽ നിന്ന് അനുവദിക്കുന്നതാണ്. ഡി പി ആർ തയ്യാറാക്കുന്ന ചെലവ് ഇപ്രകാരം പ്രീ-ഓപ്പറേറ്റീവ് ചെലവിൽ ഉൾപ്പെടുത്തണമെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തയ്യാറാക്കിയ ഡി പി ആറിൽ പ്രസ്തുത ഇനം ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

2.ബ്ലോക്ക് പഞ്ചായത്തും ഭാരത് എഞ്ചീനീയറിംഗ് ഇന്നവേഷൻ ഡിസൈൻ & കൺസൾട്ടൻസിയും തമ്മിൽ ഒപ്പ് വെച്ച 30.06.2021 ലെ 01/2021-22/SEC നം ഉടമ്പടി പ്രകാരം 1.07.2021 ൽ ആരംഭിക്കുന്ന ഡി.പി.ആർ.തയ്യാറാക്കൽ പ്രവൃത്തി 31.08.2021 ൽ പൂർത്തീകരിക്കണം. എന്നാൽ രേഖകൾ പ്രകാരം 20.12.2021 ലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന് കോവിഡ് കാരണമാണ് കാലയളവ് വർദ്ധിച്ചത് എന്ന് അറിയിച്ചു.

3.ഡി പി ആറിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് മുതലായ പ്രവൃത്തികൾക്ക് ലംപ്സം തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

4.ഡി പി ആറിൽ കോസ്റ്റ് എസ്കലേഷൻ കണക്കാക്കിയിരിക്കുന്നതിന്റെ അടിസ്ഥാനം, ഫോർമുല എന്നിവ വ്യക്തമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കിയില്ല.

5.പ്രൊജക്ടിന്റെ എൻവയറോൺമെന്റൽ സർട്ടിഫിക്കറ്റ് 14.12.2021 ൽ നൽകിയിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയാണ്. ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്ന് ആയത് വാങ്ങേണ്ടതാണ്.

പ്രൊജക്ടിന് നിലവിൽ നബാർഡ് അംഗീകാരം ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നതിന് മുൻപ് ഡി പി ആറിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-18 സംയുക്ത പ്രോജക്ടിനായി ലഭിച്ച തുക ഗ്രാമപഞ്ചായത്തുകളിൽ ചെലവാകാതെ അവശേഷിക്കുന്നു

2021-22 വാർഷികധനകാര്യപത്രികയിലെ B4 ഷെഡ്യൂൾ പ്രകാരം Contibutions For Joint Venture Projects (For Revenue Expenditue) From Village Panchayaths എന്ന ശീർഷകത്തിൽ 4878403/- രൂപ നീക്കിയിരിപ്പുണ്ട്. മുൻവർഷങ്ങളിൽ ലഭിച്ച തുക 2021-22 സാമ്പത്തിക വർത്തിൽ ചെലവാക്കിയിട്ടില്ല. ടി തുക ഏത് പദ്ധതിയുടെ വിഹിതമായി ലഭിച്ച തുകയാണെന്ന വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ, സംയക്ത പ്രോജക്ടിനായി ലഭിച്ച തുക പദ്ധതി തയ്യാറാക്കി ചെലവാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/28.10.2022) ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുക കൂടി ഉൾപ്പെടുത്തി 2022-23 വാർഷിക പദ്ധതിയിൽ ഐഎവൈ പ്രോജക്ടിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും, ആയത് ചെലവാക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-19 സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം നൽകിയ തുക സാക്ഷരതാമിഷനിൽ നിന്നും തിരിച്ചീടാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തനതുഫണ്ട് വൌച്ചർ പരിശോധിച്ചതിൽ നിന്നും വൌച്ചർ നം.6/21-22, ചെക്ക് നം.5344741 തീയതി 19.4.2021 പ്രകാരം സാക്ഷരതാ പ്രേരക്മാരായ മാസ്സി മാത്യു, ലിറ്റി വർഗ്ഗീസ് എന്നിവർക്ക് 2020 ഡിസംബർ,2021 ജനവരി മാസങ്ങളിലെ ഹോണറേറിയമായ 35640/- രൂപയും വൌച്ചർ നം.15/21-22, ചെക്ക് നം. 5344750 തീയതി 25.5.2021 പ്രകാരം 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഹോണറേറിയമായ 38880/- രൂപയും ഉൾപ്പെടെ ആകെ 74520/- രൂപ തനതുഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സ.ഉ.(സാധാ) നം. 626/2021 തസ്വഭവ തീയതി 26.2.2021 ഉത്തരവു പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും നൽകുന്ന ഹോണറേറിയം സാക്ഷരതാമിഷനിൽ നിന്നും തിരിച്ചീടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/27.10.2022) മറുപടി ലഭ്യമായിട്ടില്ല. സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം ഇനത്തിൽ നൽകിയ തുകയായ 74520/- രൂപ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കി ബ്ലോക്ക് പഞ്ചായത്തുഫണ്ടിൽ അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-20 കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് /നം | പട്ടികജാതി വികസന |

| | |
|---|---|
| | ഓഫീസിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ / 163/21-22 |
| അടങ്കൽ തുക | 145670/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവുതുക/ ബിൽ നം/ തീയതി | 145670/-310/19.3.2022 |

മേൽ പദ്ധതി പ്രകാരം പട്ടികജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ വാങ്ങുന്നതിനായി 145670/- രൂപ നിർവഹണോദ്യോഗസ്ഥ കെൽട്രോണിന് നൽകിയിട്ടുണ്ട്. ആയതിൽ ടാക്സ് ഇൻവോയിസ് നമ്പർ ITP/01153/22-23 തീയതി 28.5.2022 പ്രകാരം 62560/- രൂപയുടെ രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും, ടാക്സ് ഇൻവോയിസ് നമ്പർ ITP/00740/22-23 തീയതി 30.4.2022 പ്രകാരം 23305/- രൂപയുടെ യു.പി.എസും. ഉൾപ്പെടെ ആകെ 85865/-രൂപ യുടെ ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും പ്രിന്റർ/കോപ്പിയർ/സ്കാനർ വാങ്ങുന്നതിനായി 59805/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമായതായി കാണുന്നില്ല. ആയത് ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ ബില്ലുകൾ, സ്റ്റോക്ക് രജിസ്റ്റർ, മറ്റ് അനുബന്ധരേഖകൾ എന്നിവ സഹിതം പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/28.10.2022) മറുപടി ലഭ്യമായിട്ടില്ല. പ്രിന്റർ /കോപ്പിയർ/സ്കാനർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 59805 /-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-21 ആസ്തി സംരക്ഷണം-വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷീക റിവ്യൂ, വാർഷീക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഇത് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലായിട്ടില്ല.

കൂടാതെ ഭൂമി സംബന്ധമായ രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകളും ശ്രദ്ധയിൽ പെട്ടു.

1)ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ആകെ 4.9 ഏക്കർ സ്ഥലം ഉണ്ട്. എന്നാൽ ഇവയുടെ ആധാരം/പട്ടയം നമ്പർ, നാളിതുവരെ ഭൂനികുതി അടച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമല്ല.

2)വാർഷീക കണക്കുകളിൽ ബി 11 ൽ Waste Treatment -Land Fill എന്ന ഇനത്തിൽ 20,04,651രൂപ മൂല്യംകാണിക്കുന്ന ഭൂമി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്ററിൽ ഈ ഭൂമി ഉൾപ്പെട്ടതായി കാണുന്നില്ല.

3)വാർഷീക കണക്കുകളിൽ സ്ഥാവരവസ്തുക്കളുടെ വിവരങ്ങൾ കാണിച്ചിരിക്കുന്നതിൽ മുകളിൽ പറഞ്ഞിരിക്കുന്നത് ഒഴികെയുള്ള ഭൂമിയുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

4)ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടില്ല.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/28.10.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബില്ലിലെ അപാകത – ജി എസ് റ്റി ഇനത്തിൽ അധിക തുക അനുവദിച്ചു - 5610 രൂപ നഷ്ടം

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ നിർമ്മാണ പ്രൊജക്ടിന്റെ ബില്ലിൽ അപാകത ഉള്ളതായി

കാണുന്നു. ജി എസ് റ്റി നിരക്ക് കണക്കാക്കിയതിലാണ് അപാകത സംഭവിച്ചിട്ടുള്ളത്. പ്രൊജക്റ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | S096/22<br>S0205/21<br>(സ്പിൽ ഓവർ) |
| പ്രൊജക്റ്റിന്റെ പേര് | എസ് സി തൊഴിൽ പരിശീലന കേന്ദ്രം – അടിസ്ഥാന സൗകര്യം ഒരുക്കൽ |
| എസ്റ്റിമേറ്റ് തുക | 794984/- |
| ഫണ്ടിനം | എസ് സി പി |
| അംഗീകാരം | 205/ADC(GL)/MVPA/2020-2/9/2/2021,<br>എ ഡി സി ജനറൽ. |
| ചെലവ് | 794984/- |
| ബിൽ നം | 67/30.10.2021 |
| കരാർ സ്ഥാപനം | ആർട്ട്കോ,തൃശ്ശൂർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 08.02.2021 ലെ 5(8) നം കമ്മറ്റി തീരുമാന പ്രകാരം ആർട്ട്കോ,തൃശ്ശൂരിനെ നിർമ്മാണം നടത്തുന്നതിന് തിരഞ്ഞെടുക്കുകയും ബ്ലോക്ക് പഞ്ചായത്തും ആർട്ട്കോയും തമ്മിൽ 15.02.2021 ൽ എഗ്രിമെന്റ് ഒപ്പ് വെക്കുകയും ചെയ്തു. ആർട്ട്കോ താഴെ പറയുന്ന നിർമ്മാണ/സ്ഥാപിക്കൽ പ്രവർത്തികൾ ചെയ്യുകയും 30.03.2021 ലെ 756-ാം നമ്പർ പ്രകാരം ബിൽ നൽകുകയും ചെയ്തു.

1.പാർട്ടീഷൻ വാൾ നിർമ്മാണം.

2.സീലിംഗ് വിത്ത് പി വി സി പാനൽ.

3.സീലിംഗ് ഫാൻ സ്ഥാപിക്കൽ.

4.എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കൽ.

5.കസേര വിതരണം.

ബിൽ പ്രകാരം താഴെ പറയുന്ന ഇനത്തിന് (ഒരു ഇനങ്ങൾക്കും ബില്ലിൽ HSN കോഡ് രേഖപ്പെടുത്തിയിട്ടില്ല) അധിക ജി എസ് റ്റി ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. 12 % ജി എസ് റ്റി നിരക്കുള്ള പ്രസ്തുത ഇനത്തിന് 18 % ജി എസ് റ്റിയാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | തുക | ഉൾപ്പെടുത്തിയ ജി എസ് റ്റി (@ 18%) | ഉൾപ്പെടുത്താവുന്ന ജി എസ് റ്റി (@ 12%) | അധികം (രൂ) |
|---|---|---|---|---|---|---|
| 1 | എൽ ഇ ഡി ലൈറ്റ് | 34 | 93500 | 16830 | 11220 | 5610 |
| അധികം | | | | | | 5610 |

ജി എസ് റ്റി ഇനത്തിൽ തുക ഈടാക്കിയതിലെ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 28.10.2022 ൽ ഓഡിറ്റ് എൻക്വയറി (നം 16) നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ജി എസ് റ്റി ഇനത്തിൽ അധികം നൽകിയ 5610 രൂപ ആർട്ട്കോയിൽ നിന്ന് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2020-21 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് | 200000 | 2020-21 | 0 | രണ്ട് പ്ലാക്കൽപ്പാറ കുടിവെള്ള പദ്ധതി | 200000 | 0 |
| മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് | 179257 | 2020-21 | 0 | PMAY ഭവന പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം | 100000 | 79257 |
| ജില്ലാ പഞ്ചായത്ത് | 6305648 | 2020-21 | 398921 | PMAY ഭവന പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം | 2218647 | 4485922 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

നിക്ഷേപപ്രവൃത്തികൾ ചെയ്യുന്നതിനായി ഓഡിറ്റ് വർഷം KWA,KSEB,KILA എന്നീ ഏജൻസികൾക്ക് തുക നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെയും വിവരം താഴെ പറയുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | വൗച്ചർ നം./ബിൽ നം.,തീയതി | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| KWA | മുളവൂർ ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | XVFC/2021-22/P/6, 31.12.21 | 5,00,000/- | 3,04,982/- | 0 (1,95,018/- രൂപ തിരിച്ചടച്ചു) |
| | ആരക്കുഴ ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | XVFC/2021-22 /P/12, 11.02.22 | 5,00,000/- | 0 | 5,00,000/- |
| | പായിപ്ര ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | TRN 15317, 05.01.22 (ധനകാര്യകമ്മീഷൻ അവാർഡ്) | 1,00,000/- | 0 | 1,00,000/- |
| | വാളകം ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | XVFC/2021-22/P/7, 31.12.21 | 5,00,000/- | 0 | 5,00,000/- |
| | മാറാടി ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | XVFC/2021-22 /P/18, 05.03.22 | 5,00,000/- | 0 | 5,00,000/- |
| | അഞ്ചൽപ്പെട്ടി ഡിവിഷൻ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | XVFC/2021-22 /P/19, 05.03.22 | 5,00,000/- | 0 | 5,00,000/- |
| | രണ്ട്പ്ലാക്കൽപ്പാറ കുടിവെള്ള പദ്ധതി മഞ്ഞള്ളൂർ | 1)TRN 20389/24.03.22 – 2,44,000 /-(ധനകാര്യ | 4,44,000/- | 0 | 4,44,000/- |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് | കമ്മീഷൻ അവാർഡ്)<br>2)TRN 26271/24.03.22 – 2,00,000 /-(മറ്റ് ബ്ലോക്ക് പഞ്ചായത്ത്) | | | |
| | വിവിധ കുടിവെള്ള പദ്ധതികൾക്ക് അധികവിഹിതം നല്കൽ | TRN 17527, 11.02.22(ധനകാര്യ കമ്മീഷൻ അവാർഡ്) | 1,80,000/- | 0 | 1,80,000/- |
| | ചന്തപ്പാറ കുടിവെള്ള പദ്ധതി മാറാടി ഗ്രാമപഞ്ചായത്ത് | TRN 19074 , 07.03.22(ധനകാര്യ കമ്മീഷൻ അവാർഡ്) | 5,00,000/- | 0 | 5,00,000/- |
| | കാനം കോളനി കുടിവെള്ള പദ്ധതി കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | TRN 19763 , 17.03.22(ധനകാര്യ കമ്മീഷൻ അവാർഡ്) | 5,00,000/- | 0 | 5,00,000/- |
| ആകെ | | | 42,24,000/- | 3,04,982/- | 39,19,018/- |
| KSEB | വാളകം ഗ്രാമപഞ്ചായത്ത് 8,9,10,11 വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | XVFC/2021-22/P/9 , 05.01.22 | 4,99,210/- | 0 | 4,99,210/- |
| | കല്ലൂർക്കാട് ആവോലി ലൈൻ എക്സ്റ്റൻഷൻ | 315/19.03.22 (വികസന ഫണ്ട്- ജനറൽ) | 8,18,533/- | 0 | 8,18,533/- |
| ആകെ | | | 13,17,743/- | 0 | 13,17,743/- |
| KILA | വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നല്കൽ | 295/14.03.22 (വികസന ഫണ്ട്- ജനറൽ) | 3,00,000/- | 0 | 3,00,000/- |
| ആകെ | | | 58,41,743/- | 3,04,982/- | 55,36,761/- |

വാർഷികധനകാര്യപത്രികയിൽ KWA യ്ക്ക് മുൻകൂറായി 6,00,000/- രൂപയും KSEB ക്ക് മുൻകൂറായി 8,18,533/- രൂപയും നല്കിയതായിട്ടാണ് കാണിച്ചിട്ടുള്ളത്. കൂടാതെ ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 5,31,536/- രൂപയും വാട്ടർ ഡെപ്പോസിറ്റ് ഇനത്തിൽ 5,00,000/- രൂപയും ചെലവ് കാണിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകയായി KWA യിൽ 33,18,137/-രൂപയും KSEB യിൽ 27,68,092/- രൂപയും കാണിച്ചിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,86,98,698 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,93,65,211 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,610 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 56,49,638 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5610 | രതി.എം.ജി, സെക്രട്ടറി |
| ആകെ | 5610 | |

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 10,120/- | ടാനി തോമസ്<br>അസിസ്റ്റൻ്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 1-15-1 | 37,970/- | ശ്രീമതി രതി.എം.ജി, സെക്രട്ടറി |
| 1-15-2 | 3,00,000/- | ശ്രീമതി രതി.എം.ജി, സെക്രട്ടറി |
| 1-15-3 | 2,00,000/- | ശ്രീമതി രതി.എം.ജി, സെക്രട്ടറി |
| 1-15-4 | 13,17,743 /- | ശ്രീമതി രതി.എം.ജി, സെക്രട്ടറി |
| 1-15-5 | 37,24,000 /- | ശ്രീമതി രതി.എം.ജി, സെക്രട്ടറി |
| 1-20 | 59,805/- | റസീന .ടി.എ<br>പട്ടികജാതി വികസന ഓഫീസർ |
| ആകെ | 56,49,638 /- | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടാനി തോമസ് അസിസ്റ്റൻ്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | അസിസ്റ്റൻ്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ<br>മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് | മുണ്ടച്ചേരി<br>മസ്ജിദ് റോഡ്<br>എച്ച്.എം.ടി കോളനി (പി.ഒ)<br>കളമശ്ശേരി |

| | | |
|---|---|---|
| റസീന .ടി.എ പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് | കോട്ടയിൽ മൈലൂർ പല്ലാരിമംഗലം(പി.ഒ) കോതമംഗലം |
| ശ്രീമതി രതി എം.ജി., സെക്രട്ടറി | സെക്രട്ടറി, മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് | കക്കുഴിയിൽ വീട്, വാരപ്പെട്ടി(പി.ഒ.),കോതമംഗലം |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 1998-1999 | |
| 1999-2000 | |
| 2000-2001 | |
| 2001-2002 | |
| 2003-2004 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 2004-2005 | |
| 2007-2008 | |
| 2008-2009 | |
| 2009-2010 | |
| 2012-2013 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 2013-2014<br>2014-2015 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.2) 586/2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 352/2017 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 2193/2017/ 15.12.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 1272/19 തീയതി 30.09.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 1553/19 തീയതി 15.10.19 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 979/2020 തീയതി 07.01.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 507/2022 തീയതി 03.07.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്